ജന്മഭൂമി

**06 May 2017**

# കടലിന്റെ ദമ്പതികൾക്ക് കേന്ദ്രമന്ത്രിയുടെ ആദരം



**കടലിൽ മത്സ്യബന്ധനത്തിന് പോകുന്ന ആദ്യ ദമ്പതിമാരായ കെ.വി. കാർത്തികേയനെയും ഭാര്യ കെ.സി. രേഖയെയും കേന്ദ്ര കൃഷി സഹമന്ത്രി സുദർശൻ ഭഗത് പൊന്നാടയണിയിക്കുന്നു**

**കൊച്ചി:** കടലിൽ മത്സ്യബന്ധനം നടത്തുന്ന ഇന്ത്യയിലെ ആദ്യത്തെ മത്സ്യത്തൊഴിലാളി ദമ്പതികൾക്ക് വിവാഹ വാർഷിക ദിനത്തിൽ കേന്ദ്ര സമുദ്ര മത്സ്യ ഗവേഷണ സ്ഥാപനത്തിന്റെ (സിഎംഎഫ്ആർഐ) ആദരം. തൃശൂർ ജില്ലയിലെ കുണ്ടഴിയൂർ സ്വദേശികളായ കരാട്ട് വീട്ടിൽ കെ. വി കാർത്തികേയനെയും ഭാര്യ കെ.സി രേഖയെയുമാണ് സിഎംഎഫ്ആർഐയിൽ നടന്ന ചടങ്ങിൽ കേന്ദ്ര കൃഷി സഹമന്ത്രി സുദർശൻ ഭഗത് ആദരിച്ചത്.

കടലിൽ ഔട്ട്ബോഡ് വള്ളത്തിൽ ഒരുമിച്ച് മത്സ്യബന്ധനം നടത്തുന്ന ദമ്പതികൾക്ക് കൂടുമത്സ്യകൃഷി നടത്തുന്നതിന് കാളാഞ്ചി മീൻ കുഞ്ഞുങ്ങളും കൈമാറി. കടൽ മീൻ പിടുത്തത്തോടൊപ്പം അധികവരുമാനം നേടുന്നതിനായി സിഎംഎഫ്ആർഐയുടെ സാമ്പത്തിക-സാങ്കേതിക സഹായത്തിലാണ് കാർത്തികേയനും രേഖയും കടലിൽ കൂടുകൃഷി തുടങ്ങുന്നത്.

കടലിൽ ബോട്ടുപയോഗിച്ച് മീൻപിടുത്തം നടത്തുന്ന ഇന്ത്യയിലെ ആദ്യ വനിതയാണ് രേഖ. പല എതിർപ്പുകളും മറികടന്ന് കുടുംബം പോറ്റാൻ മത്സ്യബന്ധന രീതി തിരഞ്ഞെടുത്തതിനുള്ള അംഗീകാരമായാണ് ദമ്പതികളെ ആദരിച്ചത്. വിവാഹ വാർഷിക ദിനവും ജന്മദിനവും ഒന്നിച്ച മെയ് അഞ്ചിന് തന്നെ അംഗീകാരം ലഭിച്ചതിന്റെ സന്തോഷത്തിലാണ് രേഖ.